ദേശാഭിമാനി 2023 മെയ് 14 ഞായർ
വാരാന്തപ്പതിപ്പ്
ഇന്ന് ലോക മാതൃദിനം
deshsunday@gmail.com

# ‘അവിടുത്തെ മുന്നിൽ ഞാനാര്’

അശ്വതി ജയശ്രീ
aswathyjayasree55@gmail.com

പപ്പമ്മ, മായമ്മ, ജയാമ്മ, സതിയമ്മ, അർച്ചാമ്മ.

എത്ര സുന്ദരമാണ് ഈ സ്നേഹവിളികൾ. ശിശുക്ഷേമസമിതിയുടെ തിരുവനന്തപുരം കേന്ദ്രത്തിലെ അമ്മ വാത്സല്യങ്ങളാണ് ഇവർ. അവിടത്തെ ഇടനാഴികളിൽ ഇടയ്ക്കിടെ ഈ വിളികൾ ഉയർന്നുകേൾക്കാം.

പത്തുമാസം വയറ്റിൽ ചുമന്നിട്ടില്ല, നൊന്തുപെറ്റിട്ടില്ല. പക്ഷേ, ഇവിടെ സ്നേഹത്തിനും വാത്സല്യത്തിനും കുറവില്ല. വെള്ളത്തുണിയിൽ പൊതിഞ്ഞുകിട്ടുന്ന ഓരോ കുഞ്ഞും സ്വന്തമെന്നു കരുതി പോറ്റിവളർത്തുകയാണ് ഈ അമ്മമാർ. പപ്പമ്മയെന്ന പത്മകുമാരി, മായമ്മ എന്ന മായ, ജയാമ്മയെന്ന ജയ, സതിയമ്മയെന്ന സതികുമാരി, അർച്ചാമ്മയെന്ന അർച്ചന ഇങ്ങനെ പോകുന്നു കുട്ടികളുടെ പ്രിയ അമ്മമാരുടെ പേരുകൾ... ഇങ്ങനെ 71 പേർ. ‘പ്രസവിച്ചാൽ അമ്മയാകില്ല, പോറ്റുന്നവരാണ് അമ്മ’യെന്ന പൊതുവാദം വാസ്തവമെന്ന് തെളിയിക്കുകയാണ് ഇവർ.

‘പാലുകുടിക്കുന്ന പ്രായത്തിൽ കിട്ടുന്നതാണ് ഞങ്ങൾക്ക് ഇവരെ. അത്ര കരുതലോടെയാണ് കുഞ്ഞുങ്ങളെ വളർത്തിയെടുക്കുന്നത്. ദത്ത് നൽകുമ്പോൾ ചിലപ്പോൾ കണ്ണ് നനയും. അവരുടെ ജീവിതം മികച്ചതാകുമല്ലോ എന്നോർക്കുമ്പോൾ അത് സന്തോഷമായി മാറും. കണ്ണീരോടെ ഒരുപാട് കുഞ്ഞുങ്ങളെ ഞങ്ങൾ പറഞ്ഞയച്ചിട്ടുണ്ട്. വർഷങ്ങൾക്കുശേഷം അവർ ഞങ്ങളെ കാണാൻ വരുമ്പോൾ ഉണ്ടാകുന്ന സന്തോഷം പറഞ്ഞറിയിക്കാനാകില്ല’, 23 വർഷമായി നൂറുകണക്കിന് കുഞ്ഞുങ്ങളുടെ അമ്മയായി ജീവിക്കുന്ന പത്മകുമാരി നിറകണ്ണുകളോടെ പറയുന്നു. നവജാതശിശുക്കൾ ആറാം മാസത്തോടെ ദത്തെടുക്കപ്പെടുന്നതാണ് രീതി. നിലവിൽ ഒമ്പതുവയസ്സുവരെയുള്ള കുഞ്ഞുങ്ങൾ ഇവിടെയുണ്ട്. ചൈൽഡ് വെൽഫെയർ കമ്മിറ്റി കൈമാറുന്നതും കോടതി നിർദേശപ്രകാരം എത്തുന്നതുമായ കുട്ടികളും ഇക്കൂട്ടത്തിലുണ്ട്.

കോവിഡ് കാലത്ത് ഒരുമാസത്തോളം വീട്ടിൽ പോകാതെ ജോലി ചെയ്തവർ കൂടിയാണ് ഈ അമ്മക്കൂട്ടം. കുട്ടികൾക്ക് രോഗം പകരരുതെന്ന ലക്ഷ്യത്തോടെ സ്വന്തം വീടിനെയും വീട്ടുകാരെയും കാണാതെ അവർ ശിശുക്ഷേമസമിതിയിലെ 64 കുഞ്ഞുങ്ങൾക്കൊപ്പം കഴിച്ചുകൂട്ടി. ഇടുക്കി, വയനാട്, കണ്ണൂർ, തൃശൂർ ജില്ലകളൊഴികെ മറ്റ് 10 ജില്ലയിലും ശിശുക്ഷേമസമിതിയുടെ സംരക്ഷണ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇവിടെയെല്ലാമായി 200 കുരുന്നുകളുണ്ട്. ഇവർക്കെല്ലാം അമ്മമാരായി നൂറ്റമ്പതോളം പേരും. കുഞ്ഞുങ്ങളും ആയമാരും കൂടുതലുള്ളത് തിരുവനന്തപുരത്തുതന്നെയാണ്.

‘പിറകിൽനിന്ന് തെറിച്ച് മുന്നിലേക്ക് പോകുകയായിരുന്നു. നടുവൊടിഞ്ഞതുപോലെ തോന്നി. കുഞ്ഞ് സുരക്ഷിതയാണെന്ന് അറിഞ്ഞപ്പോഴാണ് ജീവൻ വീണത്’ –കൊല്ലം സെന്ററിൽനിന്ന് രോഗിയായ കുഞ്ഞുമായി തിരുവനന്തപുരത്തെ ആശുപത്രിയിലേക്കുള്ള ആംബുലൻസ് യാത്രയിലുണ്ടായ അപകടം വിവരിക്കുമ്പോൾ മായമ്മയുടെ കണ്ണിലെ ഭയം വ്യക്തമായിരുന്നു. പിന്നീട് ദിവസങ്ങളോളം ആശുപത്രിയിൽ കഴിഞ്ഞതും തിരുവനന്തപുരത്തേക്ക് മാറിയതുമൊക്കെ മറക്കാനാകാത്ത അനുഭവമാണ്. നൂറുകണക്കിന് കുഞ്ഞുങ്ങൾക്ക് അമ്മയായി ജീവിക്കുന്ന മായയുടെ 26–ാം വർഷമാണ് ഇത്. 28 വർഷം പൂർത്തിയാക്കിയ സതികുമാരിയാണ് കൂട്ടത്തിൽ സീനിയർ. ഈ കൈകളിലൂടെ എത്ര കുഞ്ഞുങ്ങൾ വളർന്നുവെന്ന ചോദ്യത്തിന് മനസ്സുതുറന്ന ചിരിയായിരുന്നു മറുപടി. ‘നൂറുകണക്കിന് എന്നുപറഞ്ഞാൽ തെറ്റാകും. ശരിയായ എണ്ണം അറിയില്ല എന്നതാണ് സത്യം’– സതിയമ്മ പറയുന്നു.

കുഞ്ഞുങ്ങൾ ‘അമ്മൂമ്മ’യെന്ന് വിളിക്കുന്നില്ലെന്ന ഒറ്റ പരാതിയേ വിരമിക്കാറായ അമ്മമാർക്കുള്ളൂ. ‘എനിക്ക് പ്രായമായില്ലേ. ഇപ്പോൾ അമ്മൂമ്മയാണ്. അങ്ങനെ വിളിക്കാൻ കുഞ്ഞുങ്ങളോട് പറയും. പക്ഷേ, അവർക്ക് ഞാനെന്നും അമ്മയാണ്”, അഭിമാനത്തോടെ പപ്പമ്മ പറഞ്ഞു. ദത്തെടുക്കപ്പെട്ടശേഷം വിദേശ രാജ്യങ്ങളിലടക്കം പോയവർ വർഷങ്ങൾക്കുശേഷം ‘പോറ്റമ്മ’മാരെ തേടി വരാറുണ്ട്. എടുത്തുകൊണ്ടുനടന്നവരും പാലുനൽകിയവരും കരച്ചിലൊതുക്കിയവരുമൊക്കെ അപ്പോൾ അഭിമാനത്തോടെ നെഞ്ചുയർത്തിനിൽക്കും.

‘ചിലർ രഹസ്യമായി തങ്ങളുടെ യഥാർഥ മാതാപിതാക്കൾ ആരെന്ന് അറിയുമോ എന്നും ചോദിക്കാറുണ്ട്. ചിരിക്കാനല്ലാതെ മറുപടി ഞങ്ങൾക്ക് അറിയില്ലല്ലോ’– പപ്പമ്മ പറയുന്നു. പോറ്റമ്മമാരെ തേടിയുള്ള മക്കളുടെ ഈ വരവുകൾ കോവിഡിനു ശേഷം കുറഞ്ഞെന്നും അവർ പറയുന്നു. ഒരേസമയം മുപ്പതോളം പേരാണ് ജോലിയിൽ ഉണ്ടാകുക. രണ്ട് പാചകക്കാർ ഉൾപ്പെടെയാണ് ഇത്. കൂടുതൽ പേരും ദിവസ വേതനക്കാരാണ്. 1250 രൂപയാണ് വേതനം.



ശിശുക്ഷേമ സമിതി തിരുവനന്തപുരം കേന്ദ്രത്തിലെ അന്തേവാസിയായ കുട്ടിയെ താലോലിക്കുന്ന ആയമാർ
ഫോട്ടോ: ഷിബിൻ ചെറുകര

# ഇനി കരയില്ല

സുജിത് ബേബി sujith.baby2@gmail.com

പെറ്റമ്മയുടെ ജീവിതദുരിതത്തിൽനിന്ന് രക്ഷതേടിയുള്ള ഓട്ടത്തിനിടെയാണ് 16–ാം വയസ്സിൽ ശ്രീവിദ്യക്ക് അമ്മയാകേണ്ടി വന്നത്. ഭർത്താവ് പിരിഞ്ഞുപോയ അമ്മയുടെ ജീവിതത്തിലേക്ക് കടന്നുവന്ന സുഹൃത്തിന്റെ കണ്ണ് തന്റെമേൽ പതിഞ്ഞതോടെയാണ് പ്രായമെത്തുംമുമ്പേ വിവാഹമെന്ന തീരുമാനത്തിലേക്ക് നടത്തിച്ചത്. പ്രീഡിഗ്രി ഒന്നാംവർഷ വിദ്യാർഥിയായിരുന്ന ശ്രീവിദ്യയുടെ ജീവിതത്തിലേക്ക് വന്നത് വായന പോലും വശമില്ലാതിരുന്ന ഓട്ടോറിക്ഷാ ഡ്രൈവർ.

സ്വരക്ഷ തേടിയുള്ള പാച്ചിലിൽ അതൊന്നും ആലോചിക്കാൻ അവൾക്കായില്ല. സുരക്ഷിതമെന്ന് കരുതി കയറിച്ചെന്നിടത്തും നല്ലതൊന്നും കാത്തിരിക്കുന്നില്ലെന്ന തിരിച്ചറിവിലെത്താൻ അധികനാളെടുത്തില്ല. കൈക്കുഞ്ഞായ മകനുമായി ശ്രീവിദ്യ പഠനം പുനരാരംഭിച്ചു. കംപ്യൂട്ടർ ടിടിസിയും ഡാറ്റാ എൻട്രി ഡിപ്ലോമയും പാസായി. കൃത്യമായി തൊഴിലെടുക്കാൻപോലും ഭർത്താവ് തയ്യാറല്ലെന്ന് വന്നതോടെ കുഞ്ഞിനെ പോറ്റാനുള്ള ഉത്തരവാദിത്വം ശ്രീവിദ്യക്ക് ഒറ്റയ്ക്ക് ഏറ്റെടുക്കേണ്ടിവന്നു. ടൈപ്പിങ്ങും അച്ചാർ വിൽപ്പനയും ഉൾപ്പെടെ ചെയ്യാത്ത ജോലിയുണ്ടായിരുന്നില്ല. അതിനിടയിൽ മകളും പിറന്നു. മക്കൾക്കുവേണ്ടി എന്നല്ലാതെ മറ്റൊരു വിശേഷണവും ആ നാളുകളിൽ ജീവിതത്തിന് ഇല്ലായിരുന്നു.

## ഉരുകിത്തെളിയുകയാണ് ജീവിതം

പിന്നീടൊരിക്കൽ മകൾക്കായി കാച്ചിയ എണ്ണയിലാണ് ശ്രീവിദ്യയുടെ ജീവിതം ഉരുകിത്തെളിഞ്ഞത്. താരനും മുടികൊഴിച്ചിലും മാറാൻ പഠിച്ചെടുത്ത കൂട്ടുമായി ശ്രീവിദ്യ കാച്ചിയ എണ്ണ സുഹൃത്തുക്കൾക്കും മകളുടെ അധ്യാപകർക്കും നൽകിയതോടെ ആവശ്യക്കാരേറി. ഉപയോഗിച്ചവരെല്ലാം നല്ല അഭിപ്രായം പറഞ്ഞതോടെ അതൊരു വരുമാനമാർഗമായി. പതിയെപ്പതിയെ ‘നന്തികേശം’ ഹെയർ ഓയിലിനൊപ്പം ജീവിതത്തിന്റെ പരുക്കനൊച്ചകളും ഇല്ലാതായിത്തുടങ്ങുകയായിരുന്നു. ഹെയർ ഓയിലും ആയുർവേദ സോപ്പുമായി ബിസിനസ് വളർച്ചയുടെ പാത കണ്ടെത്തിയപ്പോഴും ജീവിതത്തിന്റെ മറുവശത്ത് ഇരുട്ടകന്നില്ല.

ഭർത്താവിൽനിന്ന് ഏൽക്കേണ്ടിവന്ന അപമാനം ശ്രീവിദ്യയിലെ സ്ത്രീയെ തളർത്താൻ പോന്നതായിരുന്നു. ഒരുവേള പ്രായപൂർത്തിയായ മകനെപ്പോലും തെറ്റിദ്ധരിപ്പിക്കാൻ അയാൾക്കായി. അവന്റെ കൂട്ടുകാരിലൂടെ ആ അമ്മ മകനെ പിന്നെയും മാറോടണച്ചു. യാത്രയിലെ കാഴ്ചകൾ ക്യാൻവാസിലേക്ക് പകർത്തുന്നത് ലഹരിയാക്കിയ മകൻ ജോലി തേടി ദുബായിലേക്ക് പറന്നു. പ്രമുഖ ഹോട്ടൽ ശൃംഖലയിൽ ആർട്ടിസ്റ്റായ അവൻ അമ്മയ്ക്ക് കരുത്തായി.

ലഹരിക്ക് അടിപ്പെട്ടുപോയ തന്റെ സഹോദരന്റെ കണ്ണുകൾ മകളുടെ ദേഹത്ത് പതിഞ്ഞതോടെ ശ്രീവിദ്യ രണ്ടാമതും വീടുവിട്ടിറങ്ങി. എവിടേക്ക് പോകണമെന്ന് അറിയാതെ മകളെയും ചേർത്തിരുത്തി തിരുവനന്തപുരം നഗരത്തിലൂടെ ഒരു രാത്രി മുഴുവൻ സ്കൂട്ടറോടിച്ചു. രാത്രിയുടെ പകുതിയിൽ മാനവീയം വീഥിയിലിരുന്ന് അമ്മ മകളോട് മരണത്തെക്കുറിച്ച് പറഞ്ഞു. അപമാനത്തിന്റെ കൊടുമുടി കയറിയ കുഞ്ഞും അമ്മയ്ക്കൊപ്പം മരിക്കാൻ തയ്യാറായിരുന്നു. കണ്ണീരിനും വിലാപത്തിനും ഒടുവിൽ അവർ എത്തിയത് ജീവിതത്തിന്റെ തീരത്തേക്ക് തുഴയാമെന്ന നിശ്ചയദാർഢ്യത്തിൽ. ആ രാത്രിയിലാണ് ശ്രീവിദ്യ ഇനി ജീവിതം അച്ഛൻ ഒപ്പമില്ലാത്ത മക്കൾക്കരികിലെന്ന ഉറച്ച തീരുമാനമെടുത്തതും.

## സമൂഹം വിളിക്കുന്നു

ജീവിതത്തോട് പൊരുതാൻ തീരുമാനിച്ച ശ്രീവിദ്യ പിന്നീട് തിരിഞ്ഞുനോക്കിയില്ല. ഓഫീസിലെ സുഹൃത്തുക്കൾ ഒഴിഞ്ഞുനൽകിയ ഒറ്റമുറി ക്വാർട്ടേഴ്സിലായി ജീവിതം. രണ്ടുവർഷം മുമ്പുവരെ സുഹൃത്തുക്കളുടെ കരുതലിൻ കീഴിലായിരുന്നു ശ്രീവിദ്യ കുഞ്ഞിനെ രാവുറക്കിയത്. ജീവിതത്തിൽ പ്രതീക്ഷയുടെ തളിരുകൾ പടർന്ന നാളുകളിൽ സഹജീവികളെ കാണാതിരിക്കാൻ ശ്രീവിദ്യക്കായില്ല. പൊതിച്ചോറുമായി തെരുവിലേക്കിറങ്ങി. വയറെരിയുന്നവരുടെ മിഴി നനയരുതെന്ന ആപ്തവാക്യം ഏറ്റെടുക്കുകയായിരുന്നു അവർ. പാതയോരങ്ങളിൽ വിശന്നിരുന്ന അനേകം മക്കൾക്കും അച്ഛനമ്മമാർക്കും അന്നമൂട്ടി.

തമ്പാനൂരിൽ മനോനില തെറ്റിയ ഒരമ്മയ്ക്ക് ഒരിക്കൽ ശ്രീവിദ്യ ഭക്ഷണം വാങ്ങി നൽകി. ശ്രീവിദ്യ ഫെയ്സ്ബുക്കിലിട്ട കുറിപ്പിലൂടെ അവരെ ലോകം തിരിച്ചറിഞ്ഞു, അനവധി കുട്ടികൾക്ക് വിദ്യ പകർന്നുനൽകിയ വത്സ ടീച്ചറെ. മകനെ തേടിയലഞ്ഞ് സമചിത്തത കൈവിട്ട ആ അമ്മയെ സമൂഹം ഏറ്റെടുത്തതുപോലെ നിരവധി അനുഭവങ്ങൾ. ഒരു പെൺകുട്ടിയെ സഹായിച്ചതിന്റെ പേരിൽ നേരിടേണ്ടിവന്ന ഭീഷണിയെയും അതിജീവിച്ചു. അവിടെയും ക്രിമിനൽ കൈചൂണ്ടിയത് ശ്രീവിദ്യയിലെ അമ്മയ്ക്കുനേരെ. മകളെ ഉപദ്രവിക്കുമെന്ന ക്രൂരശബ്ദം. അവളെ മാറോടണച്ച് ശ്രീവിദ്യ പിന്നെയും പൊരുതുകയാണ്, മകൾക്കായി.

സമൂഹത്തിലും കുടുംബത്തിലും ഒറ്റപ്പെട്ടുപോകുന്നവരെ ചേർത്തുനിർത്താനും ശ്രീവിദ്യ ശ്രമിക്കാറുണ്ട്. തനിക്കൊപ്പം ജോലിചെയ്യുന്നവർ ഏതെങ്കിലും രീതിയിൽ കൈത്താങ്ങ് വേണ്ടവരാണെന്ന് ഉറപ്പിക്കാനും അവർ മറക്കുന്നില്ല.

## സ്വപ്നത്തിലേക്ക് നടക്കണം

പ്ലസ്ടു പൂർത്തിയാക്കിയ മകൾ വിദേശപഠനത്തിന് തയ്യാറെടുക്കുകയാണ്. അവളുടെ ജീവിതം സുരക്ഷിതമായെന്ന് ഉറപ്പിച്ചാൽ ജോലിയും ബിസിനസും മാത്രമായി ഒതുങ്ങാൻ ശ്രീവിദ്യ തയ്യാറല്ല. ഇരയാക്കപ്പെടുന്ന കുട്ടികൾക്ക് അഭയകേന്ദ്രം ഒരുക്കണമെന്ന സ്വപ്നത്തിലേക്ക് നടക്കാനാണ് താൽപ്പര്യം. അത്രയെളുപ്പമല്ല ആ യാത്രയെന്ന് അറിയുമെങ്കിലും നടന്നുകയറുക തന്നെ. ദുരിതത്തിന്റെയും സങ്കടത്തിന്റെയും കടൽ നീന്തിക്കടന്ന കണ്ണുകളിൽ പ്രതീക്ഷയുടെ തിളക്കം.



ശ്രീവിദ്യയും മകളും
ഫോട്ടോ: മിഥുൻ അനില മിത്രൻ